A3/93/2025-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - തൃപ്പൂണിത്തറ ഹിൽപാലസ് പൈതൃക പഠനകേന്ദ്രത്തിന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിൽ നിന്നും ഒന്നാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.716/2025/CLAD    തീയതി, തിരുവനന്തപുരം, 08-12-2025

---

പരാമർശം :-
1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ.
2. സ.ഉ.(സാധാ) നം.285/2025/CLAD തീയതി 20.05.2025.
3. പൈതൃകപഠനകേന്ദ്രം രജിസ്ട്രാറുടെ 20.09.2025 തീയതിയിലെ സി.എച്ച്.എസ്./121/2024/എ1 നമ്പർ കത്ത്.

**ഉത്തരവ്**

തൃപ്പൂണിത്തുറ ഹിൽപാലസ് പൈതൃക പഠനകേന്ദ്രത്തിന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി "2205-00-103-85 (പ്ലാൻ)" എന്ന ശീർഷകത്തിൽ 60,00,000/- രൂപ (അറുപത് ലക്ഷം രൂപ മാത്രം) വകയിരുത്തി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ടി പദ്ധതി വിഹിതത്തിൽ നിന്നും ആദ്യ ഗഡു അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരമുള്ള കത്ത് പ്രകാരം പൈതൃക പഠനകേന്ദ്രം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൈതൃക പഠനകേന്ദ്രത്തിന് 2025-26 സാമ്പത്തിക വർഷം "2205-00-103-85 (പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ₹ 15,00,000/- (പതിനഞ്ച് ലക്ഷം രൂപ മാത്രം) ഒന്നാം ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം തൃപ്പൂണിത്തറ ഹിൽപാലസ് പൈതൃക പഠനകേന്ദ്രത്തിന്റെ തൃപ്പൂണിത്തുറ സബ് ട്രഷറിയിലുള്ള 711081400000005 എന്ന പി.എസ്.ടി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന മേധാവി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന മേധാവി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

**4.** കൂടാതെ അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ "2205-00-103-85 (പ്ലാൻ)" ശീർഷകത്തിൽ നിന്നും നടപ്പുസാമ്പത്തിക വർഷം 1 ലക്ഷം രൂപ ചെലവായതായി കാണുന്നതിനാൽ ആയത് എപ്രകാരമാണ് ചെലവായത് എന്നത് സംബന്ധിച്ച വിശദീകരണവും ഇപ്പോൾ റിലീസ് ചെയ്ത തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, പ്രതീക്ഷിത ചെലവ് വിവരം

എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, പൈതൃക പഠനകേന്ദ്രം, തൃപ്പൂണിത്തുറ.
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, തൃപ്പൂണിത്തുറ, എറണാകുളം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3335853/EDN-D1/85/2025-FIN dated 27.11.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 08-12-2025 15:42:07